പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3496 | 19.10.2016-ൽ മറുപടിക്ക്.

## ഇതരസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ പരിമിതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| ഇതരസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ പരിമിതികൾ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരം തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ആരോഗ്യകരമായി ക്രമീകരിക്കുന്നതിന് തൊഴിലുടമകളോട് നിയമപരമായി നിഷ്കർഷിക്കുമോ? | **ഉണ്ട്** ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പ് വരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ (സാ.ധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടു ണ്ട്. കൂടാതെ ഇവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊ ണ്ട് 17.12.15 ലെ ജി.ഒ (ആർ.ടി)1717/15/തൊഴിൽ നം. ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടു ണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് &ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നു വരുന്നു. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ 1979 ലെ കുടിയേറ്റ തൊഴിലാളി നിയമം, 1970 ലെ കരാർ തൊഴിലാളി നിയമം, 1996 ലെ ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വെൽഫയർ ആക്ട് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ ക ണ്ടത്തുന്നനിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ